"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - അങ്കണവാടി സർവീസസ് (ജനറൽ ) പദ്ധതി -SNA SPARSH മുഖേന ഫണ്ട് അനുവദിച്ച് തുക വകയിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.161/2026/WCDD തീയതി,തിരുവനന്തപുരം, 18-03-2026

പരാമർശം:-

1. 31/01/2026 തീയതിയിലെ WCD-B1/332/2025-WCD നമ്പർ സർക്കാർ കത്ത്.
2. കേന്ദ്ര സർക്കാരിന്റെ 09/03/2026 ലെ CD-II-14/16/2025-CD-II നമ്പർ കത്ത്.
3. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 09/03/2026 ലെ DWCD/5300/2025-ICDSA1 നമ്പർ കത്ത്.
4. സ.ഉ(സാധാ) നം. 2924/2026/ധന തീയതി 17/03/2026.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതിയുടെ (KL-247) മൂന്നാം ഘട്ട കേന്ദ്ര റിലീസായി 5145.17 ലക്ഷം രൂപ അനുവദിച്ചു കൊണ്ടുള്ള മദർ സാങ്ക്ഷൻ പരാമർശം(2) പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

(2) SNA SPARSH Guidelines പ്രകാരം സംസ്ഥാന വിഹിതത്തിന്റെ ശീർഷകത്തിൽ നിന്നുമാണ് പദ്ധതിയുടെ മുഴുവൻ തുകയും കണ്ടെത്തേണ്ടത്. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പദ്ധതിയുടെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ അധികമായി ആവശ്യമായ തുക അഡീഷണൽ ആതറൈസേഷൻ മുഖേന വകയിരുത്തേണ്ടതുണ്ട്.

(3) മൂന്നാം ഘട്ട കേന്ദ്ര റിലീസിന്റെയും ആനുപാതിക സംസ്ഥാന വിഹിതത്തിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു:

| കമ്പോണന്റ് | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ | ശീർഷകം |
|---|---|---|---|---|
| ജനറൽ | 45,99,78,000/- | 30,66,52,000/- | 76,66,30,000/- | 2235-02-102-18 - 02 |
| SC | 4,68,21,000/- | 3,12,14,000/- | 7,80,35,000/- | 2235-02-789-90-02 |
| ST | 77,18,000/- | 51,45,333/- | 1,28,63,333/- | 2235-02-796-90 - |

| | | | | |
|---|---|---|---|---|
| | | | | 02 |
| **ആകെ** | **51,45,17,000/-** | **34,30,11,333/-** | **85,75,28,333/-** | |

4) നടപ്പ് വർഷം പദ്ധതിക്കായി സംസ്ഥാന സർക്കാർ 2235-02-102-18-02- PV ICDS State Share ശീർഷകത്തിൽ നിന്നും മുൻകൂറായി അനുവദിച്ച തുകയിൽ ക്രമീകരിക്കുവാൻ ബാക്കിയുള്ള 32,76,68,667/- രൂപ ക്രമീകരിക്കുന്നതിനായി കേന്ദ്ര സർക്കാരിലെ വനിത ശിശു വികസന മന്ത്രാലയത്തിന്റെ ഉത്തരവുകൾക്ക് വിധേയമായി, SNA SPARSH മുഖേന ബിൽ എടുത്തിട്ട് Recoup ചെയ്യുന്നതിന് പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട് . എന്നാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം കേന്ദ്ര വിഹിതമായി 11,00,00,000/- രൂപയും ആനുപാതിക സംസ്ഥാന വിഹിതമായി 7,33,33,333/- രൂപയും ചേർത്ത് ആകെ 18,33,33,333/- രൂപ പദ്ധതിയുടെ ഹോൾഡിംഗ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെന്നും തുക 2235-02-102-18-02 ശീർഷകത്തിലേയ്ക്ക് Recoup ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും അവശേഷിക്കുന്ന 14,43,35,334/- രൂപ നിലവിൽ ലഭ്യമായിട്ടുള്ള മദർ സാങ്ക്ഷനിൽ നിന്നും തിരിച്ചടയ്ക്കുന്നതാണെന്നും വനിത ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5) അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതിയുടെ നടത്തിപ്പിനായി ആകെ ആവശ്യമായ 85,75,28,333/- രൂപ പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും, ടി തുകയിൽ നിന്നും പദ്ധതിയുടെ ശീർഷകത്തിലേയ്ക്ക് Recoup ചെയ്യ 18,33,33,333/- രൂപ കിഴിച്ചുള്ള 67,41,95,000/- രൂപ (അറുപത്തിയേഴ് കോടി നാല്പത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയ്യായിരം രൂപാ മാത്രം) ചുവടെ വിവരിക്കും പ്രകാരം 2235-02-102-18-02, 2235-02-789-90-02, 2235-02-796-90-02 ശീർഷകങ്ങളിൽ അഡീഷണൽ ആതറൈസേഷൻ മുഖേന വകയിരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം(3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

| **കമ്പോണന്റ്** | **ശീർഷകം** | **Recoupചെയ്ത തുക** | **അഡീഷണൽ ആതറൈസേഷൻ മുഖേന വകയിരുത്തേണ്ട തുക** |
|---|---|---|---|
| ജനറൽ | 2235-02-102-18 -02 | 18,33,33,333/- | ₹58,32,96,667/- |
| SC | 2235-02-789-90-02 | 0 | ₹7,80,35,000/- |
| ST | 2235-02-796-90 -02 | 0 | ₹1,28,63,333/- |
| **ആകെ** | | **18,33,33,333/-** | **₹67,41,95,000/-** |

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതിക്ക് 5145.17 ലക്ഷം രൂപയുടെ മദർ സാങ്ക്ഷൻ ലഭ്യമായിട്ടുള്ളതിനാൽ, പരാമർശം (4) പ്രകാരം അഡീഷണൽ ആതറൈസേഷൻ മുഖേന കേന്ദ്ര സംസ്ഥാന വിഹിതമായി ബന്ധപ്പെട്ട സംസ്ഥാന ശീർഷകങ്ങളിൽ ചുവടെ ചേർക്കും പ്രകാരം തുക വകയിരുത്തി ഇതിനാൽ ഉത്തരവാകുന്നു.

| കമ്പോണന്റ് | ശീർഷകം | Recoupചെയ്ത തുക | വകയിരുത്തുന്ന തുക |
|---|---|---|---|
| ജനറൽ | 2235-02-102-18 -02 | ₹18,33,33,333/- | ₹58,32,97,000/- |
| എസ് സി | 2235-02-789-90-02 | 0 | ₹7,80,35,000 |
| എസ് റ്റി | 2235-02-796-90 -02 | 0 | ₹1,28,64,000/- |
| | ആകെ | **₹18,33,33,333/-** | **₹67,41,96,000/-** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(WCD-1/63/2024-FIN-Part(1) dtd 18/03/2026)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 18-03-2026 15:59:24
സെക്ഷൻ ഓഫീസർ